## വമ്പൻ സത്യപ്രതിജ്ഞാ ചടങ്ങിന് ഡൽഹി അണിഞ്ഞൊരുങ്ങുന്നു



**അടുത്ത വ്യാഴാഴ്ച നരേന്ദ്രമോദി വീണ്ടും പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യും.** നരേന്ദ്ര മോദിയുമായി അടുത്ത സുഹൃദ് ബന്ധം കാത്തുസൂക്ഷിക്കുന്ന **ഇസ്രയേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു, റഷ്യൻ പ്രസിഡൻറ് വ്ലാഡിമിർ പുടിൻ** എന്നിവർ ചടങ്ങിനെത്തുമെന്നാണ് സൂചന.

---

## ' അയ്യോ അച്ഛാ പോകല്ലേ '

## രാഹുൽ രാജിക്കൊരുങ്ങുമ്പോൾ നേതാക്കൾ വിസമ്മതിക്കുന്നു.






**ലോക്സഭാ തെരഞ്ഞെടുപ്പിലെ കൂറ്റൻ തോൽവിയുടെ ഉത്തരവാദിത്തം ഏറ്റെടുത്ത് രാജിസന്നദ്ധത അറിയിച്ച രാഹുൽ ഗാന്ധിയെ തള്ളി കോൺഗ്രസ് പ്രവർത്തക സമിതി. രാഹുൽ രാജിവയ്ക്കേണ്ടതില്ലെന്ന് നേതാക്കൾ ഒറ്റക്കെട്ടായി തീരുമാനിക്കുകയായിരുന്നു.**

---

## പ്രമുഖ വ്യവസായി ഭാരത് ഭായ് ഷാ അന്തരിച്ചു.



**ദുബായിലെ അറിയപ്പെട്ട വ്യവസായ പ്രമുഖനും കാരുണ്യ പ്രവർത്തന രംഗത്ത് നിറസാന്നിധ്യമായിരുന്നു ഭാരത് ഭായ് ഷാ.** ഇന്ത്യയിലെ ഗുജറാത്തിലാണ് ജനനം, മരണപ്പെടുമ്പോൾ 87 വയസ്സായിരുന്നു. നിലവിൽ അൽ മുസ്തനീർ കമ്പനിയുടെ ചെയർമാൻ ആയിരുന്നു അദ്ദേഹം.

25
SATURDAY
# ദുബായ് വാർത്ത
www.dubaivartha.com
MAY 2019
A WHATSAPP NEWS PAPER


# കേരളത്തിൽ 6 നിയമസഭാ മണ്ഡലങ്ങൾ ഉപതെരഞ്ഞെടുപ്പിന് ഒരുങ്ങാൻ തയ്യാറായി.




പാലാ, മഞ്ചേശ്വരം, വട്ടിയൂർക്കാവ്, കോന്നി, എറണാകുളം, അരൂർ എന്നീ മണ്ഡലങ്ങളാണ് അടുത്ത രാഷ്ട്രീയബലപരീക്ഷണത്തിനു വേദിയൊരുക്കുന്നത്. കെ.എം. മാണി, പി.ബി. അബ്ദുൽ റസാക്ക് എന്നിവരുടെ നിര്യാണത്തെത്തുടർന്നാണ് പാലായിലും മഞ്ചേശ്വരത്തും ഒഴിവു വന്നത്

# തെരഞ്ഞെടുപ്പിൽ ശബരിമല സ്വാധീനിച്ചിട്ടില്ല; സർക്കാരിന് എതിരായ വിധിയല്ല; ശൈലി മാറ്റില്ലെന്നും പിണറായി



**തോൽവി പ്രതീക്ഷിച്ചതല്ലെന്നും എന്നാൽ ഈ തിരിച്ചടി താത്ക്കാലികം മാത്രമാണെന്നും പിണറായി പറഞ്ഞു.**

ലോക്സഭയിലേക്കുള്ള തെരഞ്ഞെടുപ്പാണ്. നിയമസഭയിലേക്കുള്ളതല്ല. അതിനാൽ ഈ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന് വോട്ട് ചെയ്യാമെന്ന ചിന്ത ആളുകൾക്കിടയിൽ വന്നു. മോദി വിരുദ്ധ തരംഗവും യു.ഡി.എഫിന് അനുകൂലമായി.

# വാഹനങ്ങളിൽ കുട്ടികളെ കുത്തിനിറച്ചു കൊണ്ടുപോയാൽ കർശനനടപടി: പൊലീസ് മേധാവി



പുതിയ അധ്യയനവർഷം തുടങ്ങുന്നതിന് ഒരാഴ്ചമാത്രം അവശേഷിക്കെയാണ് വിദ്യാർഥികളുടെ സുരക്ഷ ഉറപ്പാക്കുന്ന തിനാവശ്യമായ നിർദേശങ്ങൾ പുറപ്പെടുവിച്ചത്. വാഹനങ്ങളുടെ പെർമിറ്റ് റദ്ദാക്കുന്നതിനു മോട്ടോർ വാഹനവകുപ്പുമായി ചേർന്ന് നിയമനടപടി കൈക്കൊള്ളും.

# മോദിയെ പ്രധാനമന്ത്രിയായി കിട്ടിയ ഇന്ത്യക്കാർ ഭാഗ്യവാന്മാർ: ട്രംപ്



'അദ്ദേഹം വലിയൊരു മനുഷ്യനും ഇന്ത്യക്കാരുടെ മികച്ച നേതാവുമാണ്. മോദിയെ കിട്ടിയ ഇന്ത്യക്കാർ ഭാഗ്യവാന്മാരാണ്.' ട്രംപ് ട്വീറ്റ് ചെയ്തു.

# സൂറത്തിൽ തീപിടിത്തം:

## 19 കുട്ടികൾക്ക് ദാരുണാന്ത്യം



ഗുജറാത്തിലെ സൂറത്തിൽ സർത്താനയിലെ തക്ഷശില മൂന്നുനിലക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോച്ചിങ് സെന്ററിനു തീപിടിച്ചതിനെ തുടർന്ന് പ്രാണരക്ഷാർഥം ചാടിയ കുട്ടികളും അധ്യാപകനുമടക്കം 20 പേർ മരിച്ചു. 14 നും 17നും ഇടയിൽ പ്രായമുള്ള കുട്ടികളിൽ ഇരുപതോളം പേരാണ് ജനലിലൂടെ ചാടിയത്.



## മുഖ്യമന്ത്രി ശൈലി മാറ്റാതിരിക്കുന്നതാണ് തങ്ങൾക്ക് നല്ലതെന്ന് രമേശ് ചെന്നിത്തല.

തെറ്റ് പറ്റിയത് തങ്ങൾക്കല്ലെന്ന് പിണറായി വാദിക്കുന്നു. മൂന്നരക്കോടി ജനങ്ങൾക്ക് തെറ്റുപറ്റി യെന്നാണ് ഇവരുടെ വാദമെന്നും ചെന്നിത്തല കൂട്ടിച്ചേർത്തു.



### ലോകകപ്പ് സന്നാഹ മത്സരം:

## ന്യൂസീലൻഡിനു മുന്നിൽ ബാറ്റിംഗിൽ പതറി ഇന്ത്യ.

കീവീസ് ബൗളർ ട്രെൻഡ് ബോൾട്ടാണ് ഇന്ത്യൻ മുൻനിരയെ തകർത്തത്.

## യു എ ഇയിലെ ഇന്നത്തെ നോമ്പുതുറസമയം

| ദുബായ് | അബുദാബി | ഷാർജ | അജ്മാൻ | ഫുജൈറ | റാസ് അൽഖൈമ | ഉമ്മൽ ഖുവൈൻ |
|---|---|---|---|---|---|---|
| 7.04 PM | 7.08 PM | 7.04 PM | 7.04 PM | 6.58 PM | 7.01 PM | 7.00 PM |